**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 306** **27-01-2026 - ൽ മറുപടിയ്ക്ക്**

**പുതിയ റേഷൻ ഷോപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിൽ പുതിയ റേഷൻ ഷോപ്പുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ; പഞ്ചായത്ത്, മുനിസിപ്പാലിറ്റി, സ്ഥലം എന്നിവ സഹിതം വിശദമാക്കുമോ; | (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ നെടുവ അത്താണി (കപ്പിവളവ്) എന്ന സ്ഥലത്ത് പുതിയ റേഷൻ കടയ്ക്കുള്ള നിവേദനത്തിന്മേൽ ജില്ലാ സപ്ലൈ ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറേറ്റിൽ ലഭ്യമായിട്ടുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് സഹിതം കമ്മീഷണർ ശുപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |
| (ബി) | നന്നമ്പ്ര പഞ്ചായത്തിലെ കാളം തിരുത്തി, കൊടിഞ്ഞി അൽ-അമീൻ നഗർ, കുണ്ടൂർ വടക്കേ അങ്ങാടി എന്നിവിടങ്ങളിൽ പുതിയ റേഷൻ ഷോപ്പുകൾ അനുവദിക്കുന്നതിന് നൽകിയ അപേക്ഷകളിൽ തീരുമാനമായോ;ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് വരെയായി; പ്രസ്തുത ഷോപ്പുകൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ; | (ബി) | നന്നമ്പ്ര പഞ്ചായത്തിലെ കാളം തിരുത്തി, കൊടിഞ്ഞി, അൽ-അമീൻ നഗർ, കുണ്ടൂർ വടക്കേ അങ്ങാടി എന്നിവിടങ്ങളിൽ പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള നിവേദനങ്ങളിൽ അന്വേഷണം നടത്തിയതിൽ ഈ സ്ഥലങ്ങളിൽ നിലവിൽ പുതിയ ന്യായവില കടകൾ അനുവദിക്കേണ്ട സാഹചര്യം ഇല്ലെന്ന് താലൂക്ക് സപ്ലൈ ഓഫീസർ, പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. കാളം തിരുത്തി എന്ന സ്ഥലത്ത് പുതിയ ന്യായവിലകട അനുവദിക്കുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറേറ്റിൽ ലഭിച്ച നിവേദനത്തിന്മേൽ അന്വേഷണം നടന്നു വരുന്നു. |
| (സി) | ഈ സർക്കാർ വന്നതിനുശേഷം എത്ര പുതിയ റേഷൻ ഷോപ്പുകൾ അനുവദിച്ചുവെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ? | (സി) | ഈ സർക്കാരിന്റെ കാലത്തു സംസ്ഥാനത്തു അനുവദിച്ച പുതിയ റേഷൻ കടകൾ |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 6 |
| കൊല്ലം | 2 |
| ഇടുക്കി | 1 |
| കോട്ടയം | 3 |
| എറണാകുളം | 2 |

| | |
|---|---|
| തൃശ്ശൂർ | 4 |
| മലപ്പുറം | 7 |
| വയനാട് | 1 |
| കോഴിക്കോട് | 12 |
| കണ്ണൂർ | 8 |
| കാസർഗോഡ് | 3 |
| ആകെ | 49 |

സെക്ഷൻ ഓഫീസർ